ഇലക്ട്രിക് പോസ്റ്റുകളുടെ അഭാവത്താൽ വൈദ്യുതി നൽകാതിരുന്ന നടപടി

100 (1252) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ അനേകം വീടുകൾക്ക് ഏതാനും ഇലക്ട്രിക് പോസ്റ്റുകളുടെ അഭാവത്താൽ വൈദ്യുതി നൽകാതിരിക്കുന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഞ്ചിൽ താഴെ പോസ്റ്റുകളുടെ അഭാവത്തിൽ വൈദ്യുതിബന്ധം നൽകാൻ കഴിയാതെ എത്ര കേസുകൾ ഇടുക്കി ജില്ലയിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കട്ടപ്പന പഞ്ചായത്തിൽ ആർക്കൊക്കെയാണ് അഞ്ചിൽ താഴെ ഇലക്ട്രിക് പോസ്റ്റില്ലാത്തതിനാൽ വൈദ്യുതി ബന്ധം നൽകാത്തത് എന്ന് വ്യക്തമാക്കാമോ ; ഇവർക്ക് എന്നത്തേയ്ക്ക് വൈദ്യുതി നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 31-12-1998 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഓവർഹെഡ് കണക്ഷനുകളും 31-3-1996 വരെ മിനിമം ഗ്യാരന്റി വച്ചിട്ടുള്ള ലൈൻ എക്സ്റ്റൻഷൻ വർക്കുകളുമാണ് നടപ്പുസാമ്പത്തിക വർഷത്തിൽ ചെയ്തുതീർക്കാനുള്ള ടാർജറ്റ്. ഇതുപ്രകാരമുള്ള കണക്ഷനുകൾ കൊടുക്കാനേ നിർവ്വാഹമുള്ളൂ.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ചെയ്തു തീർക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പ്രകാരം ഇടുക്കി ജില്ലയിൽ പോസ്റ്റുകൾ വേണ്ടുന്ന 3430 കണക്ഷനുകൾ കൊടുത്തു തീർക്കാനുണ്ട്. ഓരോ കണക്ഷനുകൾക്കും വേണ്ടുന്ന പോസ്റ്റുകളുടെ എണ്ണം പ്രത്യേകം പ്രത്യേകമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയിൽ അഞ്ചിൽ താഴെ പോസ്റ്റുകൾ വേണ്ടുന്ന കേസ്സുകളുടെ എണ്ണം ലഭ്യമല്ല.

(സി) കണക്ഷനുകൾ നൽകാൻ ബാക്കിയുള്ളവയുടെ വിവരം പഞ്ചായത്തടിസ്ഥാനത്തിലല്ല. മറിച്ച് ഇലക്ട്രിക്കൽ സെക്ഷൻ അടിസ്ഥാനത്തിലാണ് സൂക്ഷിക്കുന്നത്. ഇതുപ്രകാരം കട്ടപ്പന സെക്ഷൻ അതിർത്തിയിൽ പോസ്റ്റുകൾ വേണ്ടുന്ന 217 കണക്ഷനുകൾ നടപ്പു സാമ്പത്തിക വർഷം കൊടുക്കുവാൻ ബാക്കിയുണ്ട്. ഈ കണക്ഷനുകളിൽ ഓരോന്നിനും ആവശ്യമായ പോസ്റ്റുകളുടെ എണ്ണം പ്രത്യേകമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയിൽ അഞ്ചിൽ താഴെ പോസ്റ്റുകൾ ആവശ്യമായ കണക്ഷനുകളുടെ എണ്ണം ലഭ്യമല്ല. ടാർജറ്റ് പ്രകാരമുള്ള കണക്ഷനുകൾ 31-3-2001-നകം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുരിയിച്ചിറ സെക്ഷൻ ഓഫീസ്

101 (1253) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly